# അക്കാഡമിക് മാസ്റ്റർ പ്ലാൻ 2025 – 2026




YLM UP SCHOOL
KEEZHATTINGAL
KEEZHATTINGAL P.O,
THIRUVANANTHAPURAM
KERALA
E mail: ylmupschool@gmail.com

## ഉള്ളടക്കം

1. ആമുഖം

2 ചരിത്രം

3.അടിസ്ഥാനവിവരങ്ങൾ

4. നിലവിൽ വിദ്യാലയം ..

അക്കാദമിക മികവുകൾ, പരിമിതികൾ

5. പൊതു ലക്ഷ്യങ്ങൾ

6. പ്രവർത്തന കലണ്ടർ: 2025-26

7.അക്കാദമികം-സവിശേഷ ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ

* മലയാളം
* ഇംഗ്ലീഷ്
* ഹിന്ദി
* അറബ്
* സംസ്കൃതം
* ഗണിതം
* അടിസ്ഥാന ശാസ്ത്രം.
* സാമൂഹ്യ ശാസ്ത്രം

8 ഉപസംഹാരം

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ലക്ഷ്യം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി ഓരോ കുട്ടികളുടെയും അറിവും കഴിവും അതത് പ്രായ ഘട്ടത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിയും മികവിലേക്ക് എന്ന ലക്ഷ്യമാണ് ഈ മാസ്റ്റർ പ്ലാൻ മുന്നോട്ടുവയ്ക്കുന്നത്. കീഴാറ്റിങ്ങൽ വൈ. എൽ. എം യുപിഎസിലെ അക്കാദമിക പ്രവർത്തനങ്ങൾ വ്യത്യസ്തതയും കുട്ടികളുടെ സമഗ്രമായ വളർച്ചയുമാണ് ലക്ഷ്യം വയ്ക്കുന്നത്. കഠിനാധ്വാനവും ആത്മസമർപ്പണവും ദീർഘവീക്ഷണവും കൈ മുതലാക്കിയ മുന്നേറ്റങ്ങൾ എന്നും ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുള്ളവയാണെന്ന് ഈ വിദ്യാലയ ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു.

# ചരിത്രം

കാൽനടയും കാളവണ്ടിയും സൈക്കിളും മാത്രം സാധാരണക്കാരന്റെ യാത്രോപാധിയായിരുന്ന കാലത്ത് നാടിനു വെളിച്ചം പകരുന്നതിനായി 1964 ൽ ബഹു :കേരള മുഖ്യമന്ത്രി ശ്രീ. ആർ .ശങ്കറിന്റേയും വിദ്യാഭ്യാസ മന്ത്രി സി .എച്ച് .മുഹമ്മദ് കോയയുടെയും കാലഘട്ടത്തിൽ ശ്രീ അബ്ദുൾ ഖമീദ് ഖാൻ തന്റെ പിതാവിന്റെ സ്മരണാർത്ഥം ഈ വിദ്യാലയം സ്ഥാപിച്ചു. വടക്കേ ബംഗ്ലാവിൽ അബ്ദുൽ ഹമീദ് ഖാൻ ആണ് ഈ സ്കൂളിന്റെആദ്യ മാനേജർ 1964 -ൽ ,125 കുട്ടികളും 5 ഡിവിഷനുകളുമായി തുടങ്ങിയ ഈ വിദ്യാലയം ഉയർച്ച താഴ്ചകളിലൂടെ സഞ്ചരിച്ച് 2005 - 06 കാലഘട്ടത്തിൽ നിരവധി ഭീഷണികളുടെ നിഴലിൽ പെടുകയും ശോചനീയമായ ഒരു അവസ്ഥയിലേക്ക് എത്തിപ്പെടുകയും ചെയ്തു. 2010 അധ്യയന വർഷം മുതൽ പുതിയ മാനേജർ പെരുംകുളം താജ് മൻസിലിൽ അഡ്വക്കേറ്റ് A.A ഹമീദ് അവർകൾ സ്കൂൾ ഏറ്റെടുക്കുകയും ക്രമാനുഗതമായി ചിട്ടയായ പാതയിലൂടെ പ്രയാണം ആരംഭിച്ചു. കലാകായിക അക്കാദമിക രംഗങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ പ്രകടനം കാഴ്ചവച്ച് തലയെടുപ്പോടുകൂടി നിൽക്കുന്ന സ്കൂളായിമാറിയിരിക്കുന്നു. ഇന്ന് ഈ വിദ്യാലയം കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ പട്ടികയിൽ സമസ്ത മേഖലകളിലും ആധിപത്യം പുലർത്തിയിരിക്കുന്നു. തൊട്ടടുത്ത പഞ്ചായത്തുകളിൽ നിന്നും കുട്ടികൾ അധ്യയനത്തിനായി ഈ വിദ്യാലയം തിരഞ്ഞെടുക്കുന്ന സ്ഥിതി വിശേഷമാണ് സംജാതമായിരിക്കുന്നത്. 2025-26 അധ്യയന വർഷം എത്തിനിൽക്കുമ്പോൾ യുപി വിഭാഗം മാത്രമുള്ള ഈ സ്കൂളിൽ 17 ഡിവിഷനുകളിലായി 635 വിദ്യാർത്ഥികൾ പഠിക്കുന്നആറ്റിങ്ങൽ സബ് ജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | വൈ.എൽ എം.യു .പി .സ്കൂൾ |
| വിലാസം | : | കീഴാറ്റിങ്ങൽ (പി.ഒ)<br>കീഴാറ്റിങ്ങൽ ആറ്റിങ്ങൽ |
| വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| ഉപജില്ല | : | ആറ്റിങ്ങൽ |
| റവന്യൂജില്ല | : | തിരുവനന്തപുരം |
| ബി .ആർ . സി | : | ആറ്റിങ്ങൽ |
| സി .ആർ .സി | : | കീഴാറ്റിങ്ങൽ |
| ഗ്രാമപഞ്ചായത്ത് | : | കടയ്ക്കാവൂർ |
| ബ്ലോക്ക്പഞ്ചായത്ത് | : | ചിറയിൻകീഴ് |
| ജില്ലാപഞ്ചായത്ത് | : | ചിറയിൻകീഴ് |
| നിയമസഭാമണ്ഡലം | : | ചിറയിൻകീഴ് |
| ലോകസഭാമണ്ഡലം | : | തിരുവനന്തപുരം |
| താലൂക്ക് | : | ചിറയിൻകീഴ് |
| വില്ലേജ് | : | കീഴാറ്റിങ്ങൽ |
| ഇമെയിൽ | : | ylmupschool@gmail.com |

## നിലവിൽ വിദ്യാലയം - അക്കാദമിക മികവുകൾ

നിലവിൽ വിദ്യാലയത്തിൽ യു.പി വിഭാഗം മാത്രമാണ് ഉള്ളത് 5, 6 ,7 ക്ലാസുകളിൽ 17 ഡിവിഷനുകളിലായി 635 വിദ്യാർത്ഥികളും പ്രഥമ അധ്യാപികഉൾപ്പെടെ 24 അധ്യാപകരും , ഒരു അനധ്യാപകനും , 2 പാചകത്തൊഴിലാളികളുമാണ്സ്കൂളിൽ ഉള്ളത്. ഇംഗ്ലീഷ് മീഡിയം, മലയാളം മീഡിയം ക്ലാസുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ സ്റ്റാൻഡേർഡുകളിലും ഓരോ മലയാളം മീഡിയം വീതമാണ് പ്രവർത്തിച്ചു വരുന്നത് .വിദ്യാലയത്തിലെ ഓരോ കുട്ടിയിലും പഠന നേട്ടങ്ങൾ എത്തിക്കുന്നതിനായി എല്ലാ ആഴ്ചയിലും കൃത്യമായി എസ്. ആർ ജി ചേരുകയും പഠന പ്രവർത്തനങ്ങൾ വിശകലനം ചെയ്യുകയും ചെയ്യുന്നു. അധ്യാപകർ നൽകുന്ന പ്രവർത്തനങ്ങൾ എത്രത്തോളം വിദ്യാർത്ഥികൾ സ്വാംശീകരിച്ചു എന്ന് അറിയുന്നതിനും പഠന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അതാത് സബ്ജക്ട് കൗൺസിലുകൾ കൂടുകയും, മികച്ച രീതിയിലുള്ള അധ്യാപന രീതികൾ,തുടർപ്രവർത്തനങ്ങൾ,റെമഡിയൽടീച്ചിങ് എന്നിവ ആസൂത്രണം ചെയ്യുന്നു. വളരെ മികച്ച രീതിയിൽ ലൈബ്രറി സജീകരിച്ചിരിക്കുന്നു. ഏകദേശം 2500-ഓളം പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ കുട്ടികൾക്കായി സജ്ജീകരിച്ചിരിക്കുന്നു. പുസ്തക വായന പരിപോഷിപ്പിക്കുന്നതിനായി 'വായനാ മധുരം' എന്ന പേരിൽ പ്രത്യേക വായന പരിപാടി , പിറന്നാൾ പുസ്തക പദ്ധതി എന്നിവ വിദ്യാരംഗം ക്ലബ്ബിന്റെ നേതൃത്ത്വത്തിൽ നടന്നുവരുന്നു . ക്ലാസ്സ് തല ലൈബ്രറി സജ്ജമാക്കുകയും ഓരോ ക്ലാസിലും കുട്ടി ലൈബ്രേറിയൻമാരെ ചുമതല ഏൽപ്പിക്കുകയും കുട്ടികൾക്ക് വായനയ്ക്കായി പുസ്തകങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു .അതോടൊപ്പം വീട്ടിൽ കൊണ്ടുപോയി വായിക്കുന്നതിനായി ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ പുസ്തകങ്ങൾ വിതരണം ചെയ്യുന്നു . സ്കൂളിലെ മറ്റുഭാഷാ ക്ലബ്ബുകൾ ആയ ഇംഗ്ലീഷ് ക്ലബ്ബ്,ഹിന്ദി ക്ലബ്ബ്,അറബിക് ക്ലബ്ബ് ,സംസ്കൃതം ക്ലബ്ബ്, എന്നിവകുട്ടികൾക്ക്

ഭാഷാപ്രാവീണ്യം ലഭ്യമാക്കാൻ വേണ്ടുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. വിവിധ ഭാഷാഅസംബ്ലികൾ സ്കൂളിൽ കുട്ടികൾ അവതരിപ്പിക്കുന്നു. നമ്മുടെ സ്കൂൾ പ്ലാസ്റ്റിക് രഹിത വിദ്യാലയമാണ്. അതിന്റെ തുടർ പ്രവർത്തനങ്ങൾക്കായി പരിസ്ഥിതിക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ "ഗ്രീൻ ആർമി" യെചുമതലപ്പെടുത്തിയിരിക്കുന്നു. കലാകായിക പരിപോഷണത്തിനായി കരാട്ടെ ,സ്പോർട്സ് ,എയ്റോബിക്സ് എന്നിവയ്ക്കായി പ്രത്യേക ക്ലാസുകൾ ക്രമീകരിച്ചിട്ടുണ്ട് .കഴിഞ്ഞ രണ്ടു വർഷക്കാലം ഒഴിച്ചാൽ തുടർച്ചയായി ആറ്റിങ്ങൽ സബ്ജില്ലയിൽ കലാകായിക മത്സരങ്ങളിൽ കിട്ടിക്കൊണ്ടിരിക്കുന്ന ഓവറോൾ , അറബിക്, സംസ്കൃതം, ജനറൽ വിഭാഗങ്ങളിലെ മികച്ച പ്രകടനങ്ങൾ,ജില്ലാതലത്തിലെ മികച്ച പ്രകടനങ്ങൾ എന്നിവ നിലനിർത്തുന്നതിന് വേണ്ടി അധ്യാപകർ കുട്ടികളെ പരിശീലിപ്പിക്കുന്നു .അതാത് മാസത്തെ ദിനാചരണ പ്രവർത്തനങ്ങൾ സ്കൂളിലെ വിവിധ ക്ലബ്ബുകളുടേയും, അധ്യാപകരുടേയും മേൽനോട്ടത്തിൽ,വ്യത്യസ്തതയുള്ളതും പുതുമ നിറഞ്ഞതുമായ മാതൃകാപ്രവർത്തനങ്ങൾ കുട്ടികൾക്ക് പ്രയോജനപ്രദമായ രീതിയിൽ ആസൂത്രണം ചെയ്യുന്നു. പൊതു വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ക്വിസ് ക്ലബ്ബിന്റെ നേതൃത്ത്വത്തിൽ വിവിധ ക്വിസ് മത്സരങ്ങൾ സ്കൂളിൽ സംഘടിപ്പിക്കുകയും, മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനു വേണ്ടി തയ്യാറെടുപ്പിക്കുകയും ചെയ്യുന്നു. കൃത്യമായ രീതിയിൽ യൂണിറ്റ് ടെസ്റ്റ്, ക്ലാസ്സ് PTA എന്നിവ സ്കൂളിന്റെ അക്കാദമികനിലവാരം ഉയർത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു. കോവിഡ് സൃഷ്ടിച്ച പഠന വിടവും പഠന നഷ്ടവും കുട്ടികളുടെ പഠനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഇവിടെ പഠനം നടത്തുന്ന ഓരോ കുട്ടിയെയും മികവിലേക്ക് ഉയർത്തുകയാണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ആത്യന്തികമായ ലക്ഷ്യം. സ്കൂളിന്റെ എല്ലാവിധ പ്രവർത്തനങ്ങളിലും അധ്യാപകരോടൊപ്പം നിൽക്കുന്ന സ്കൂൾ മാനേജർ, PTA, MPTA എന്നിവർ ശക്തമായ പിന്തുണ നൽകുന്നു.

# <u>അക്കാദമിക പരിമിതികൾ</u>

*കുട്ടിയുടെ സർവോന്മുഖമായ വികാസത്തിന് ഉതകുന്ന പഠനാന്തരീക്ഷം ഒരുക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ വിവിധ സാധ്യതകൾ (ഐസിടി , പ്രൊജക്ടർ സംവിധാനം ) എല്ലാ ക്ലാസ് റൂമുകളിലും ഏർപ്പെടുത്തണം.

*പഠനമികവുള്ള കുട്ടികൾക്കായി അവരുടെ സർഗ്ഗശേഷിയുടെ വളർച്ചയ്ക്ക് ആവശ്യമായ അധിക പഠനാനുഭവങ്ങൾ ഒരുക്കേണ്ടതുണ്ട്.

*പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളുടെ കുടുംബാന്തരീക്ഷം ,സാമൂഹ്യ സാഹചര്യം എന്നിവ  മനസിലാക്കി  റെമഡിയൽ ടീച്ചിംഗ് ആസൂത്രണം ചെയ്യേണ്ടതുണ്ട്.

*സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി, ഗ്രാമീണ ഗ്രന്ഥശാലകൾ ഇവ ഉപയോഗിച്ചുകൊണ്ട് വായനയുടെ പുതു ലോകത്തേക്ക് കുട്ടികളെ നയിക്കേണ്ടതുണ്ട് .

* "വിദ്യാലയം ഒരു  പാഠപുസ്തകം" എന്ന ലക്ഷ്യത്തോടെ വിവിധ ആശയങ്ങളും വസ്തുതകളും ചിത്രീകരിച്ചുകൊണ്ട് ക്ലാസ് മുറികളും സ്കൂൾ പരിസരവും ആകർഷകമാക്കാൻ കഴിയണം.

*" വിദ്യാലയം ഒരു പാഠപുസ്തകം" എന്ന ലക്ഷ്യത്തോടെ സ്കൂളിന് സമീപം ജൈവവൈവിധ്യ പാർക്ക് നിർമ്മിച്ചുകൊണ്ട് കുട്ടികളിൽ പാരി സ്ഥിതികാവ ബോധം ഉണ്ടാക്കാൻ സ്ഥലപരിമിതി തടസ്സം സൃഷ്ടിക്കുന്നു.

*വിശാലമായ ,  മെസ്സ് ഹാൾ എന്നിവയുടെ അപര്യാപ്തത പരിഹരിക്കേണ്ടതുണ്ട്.

*യോഗ ,നൃത്തം ,കരാട്ടെ, സംഗീതം, ഏറോബിക്സ് , മറ്റ് ആയോധനകലകൾ എന്നിവപരിശീലിക്കാൻ കുട്ടികൾക്ക്  സ്ഥലക്കുറവ് ഉണ്ടാകുന്നു.

*വിശാലമായ ഗ്രൗണ്ടിന്റെ കുറവ് കുട്ടികളുടെ കായിക അഭിരുചികൾ തിരിച്ചറിയാൻ ബുദ്ധിമുട്ടു ണ്ടാക്കുകയും,കായിക വളർച്ചയ്ക്ക് തടസ്സം ഉണ്ടാക്കുകയും ചെയ്യുന്നു.

*സയൻസ് ലാബ് ആധുനികവൽക്കരിക്കേണ്ടതുണ്ട് .

ഗണിതലാബ്, സാമൂഹ്യശാസ്ത്ര ലാബ്എന്നിവ പ്രവർത്തന യോഗ്യമാക്കണം

* ചിത്രകല ,പ്രവർത്തി പരിചയം എന്നീ അധ്യാപകരുടെ സേവനങ്ങൾ കൂടി കുട്ടികൾക്ക് ലഭ്യമാക്കേണ്ടതുണ്ട് .

* CWSN കുട്ടികൾക്ക് സവിശേഷ ശ്രദ്ധ പുലർത്തുന്ന സ്കൂൾ അന്തരീക്ഷം ഉറപ്പാക്കേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

**1.**ഈ വിദ്യാലയത്തിലെ ഓരോ കുട്ടിയെയും മികവിലേക്ക് എത്തിക്കുക.

**2.**മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

**3.**ഭാഷാപരമായ ശേഷികളുടെ വികസനം.

**4.**ഗണിതപരമായ ശേഷികളുടെ വികസനം.

**5.**ശാസ്ത്ര അഭിരുചി വളർത്തിയെടുക്കൽ .

**6.** സാമൂഹികവും, സാമ്പത്തികവുമായ
അവസ്ഥ മൂലം പഠന പിന്നോക്ക അവസ്ഥ നേരിടുന്ന കുട്ടികൾക്ക് കൈത്താങ്ങ് നൽകി മറ്റ കുട്ടികൾക്കൊപ്പം എത്തിക്കുക.

**7.**അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ പാശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുക .

**8.**ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക്
അനുസൃതമായി നേടേണ്ട ശേഷികൾക്കും പഠന വിടവ് നികത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും രൂപപ്പെടുത്തുക.

**9.** ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ശക്തമായ പിന്തുണ പ്രവർത്തനങ്ങൾ ഉറപ്പാക്കുക.

**10.** സ്കൂൾ ലൈബ്രറി നവീകരണം ക്ലാസ് ലൈബ്രറി സ്ഥാപിക്കൽ ഗ്രാമീണ ഗ്രന്ഥശാലകളെ ഉപയോഗപ്പെടുത്തി പുതിയ ഒരു വായന സംസ്കാരം വളർത്തിയെടുക്കുക.

# പ്രവർത്തന കലണ്ടർ: 2025-26

| ക്രമ നമ്പർ | പ്രവർത്തനം | മാസം | ചുമതല |
|---|---|---|---|
| 1 | പ്രീ ടെസ്റ്റ്<br>ഗ്രൂപിങ്<br>പദസൂര്യൻ<br>കഥാ പൂരണം<br>കവിത പൂരണം<br>പതിപ്പുകൾ കയ്യെഴുത്ത് മത്സരം ചുവർപത്രിക<br>മാസിക | ജൂൺ--- ജൂലൈ | മലയാളഭാഷാധ്യാപകർ |
| 2 | വായന<br>ലേഖനം<br>ആസ്വാദനം | ജൂൺ....... ആഗസ്റ്റ് | മലയാളഭാഷാധ്യാപകർ |
| 3 | വായന മധുരം | ജൂൺ--- മാർച്ച് | മലയാളഭാഷാധ്യാപകർ |
| 4 | **Pretest analysis**<br>**Arranging words** | **June** | |
| 5 | **English assembly** | **June.... March** | ഇംഗ്ലീഷ് അധ്യാപകർ |
| 6 | അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>കയ്യെഴുത്ത് മെച്ചപ്പെടുത്തൽ<br>വായന നന്നാക്കൽ<br>ക്ലാസ് വായന<br>പദപരിചയം ദിനാചരണങ്ങൾ | ജൂൺ -....... മാർച്ച് | അറബി അധ്യാപകർ |
| 7 | അക്ഷര ചാർട്ട് നിർമ്മാണം<br>ചിഹ്നങ്ങൾ യോജിപ്പിക്കൽ<br>എഴുത്ത് പരിശീലനം<br>വായന പരിശീലനം<br>ഹിന്ദി കോർണർ | ജൂൺ....ആഗസ്റ്റ് | ഹിന്ദി അധ്യാപകർ |
| 8 | ചരിത്ര ബോധം വളർത്തൽ | ജൂൺ | സാമൂഹ്യ ശാസ്ത്രാധ്യാപകർ |
| 9 | സാമൂഹ്യ ശാസ്ത്ര ലൈബ്രറി നവീകരണം | ജൂൺ- സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്രാധ്യാപകർ |
| 10 | ഭൂപട വായനശേഷി സാമൂഹ്യശാസ്ത്ര ലാബ് നവീകരണം<br>ദിനാചരണങ്ങൾ ഫീൽഡ് ട്രിപ്പ് | ജൂൺ...... മാർച്ച് | സാമൂഹ്യ ശാസ്ത്രാധ്യാപകർ |
| 11 | ഗണിതപിന്തുണ ..... ഗണിതംമധുരം | ജൂൺ | ഗണിതാധ്യാപകർ |

| | | | |
|---|---|---|---|
| 12 | ഔഷധത്തോട്ട നിർമ്മാണം<br>ശാസ്ത്രമൂല | ജൂൺ..... മാർച്ച് | ശാസ്ത്രാധ്യാപകർ |
| 13 | **Picture Reading** | **July** | ഇംഗ്ലീഷ് അധ്യാപകർ |
| 14 | വായന ലേഖനം<br>ചിഹ്നങ്ങൾ പരിചയപ്പെടൽ | ജൂലൈ .. ആഗസ്റ്റ് | സംസ്കൃതാധ്യാപകർ |
| 15 | നമുക്കും സംസാരിക്കാം അമൃതം ഗമയം | ജൂലൈ ഫെബ്രുവരി | സംസ്കൃതാധ്യാപകർ |
| 16 | നിഘണ്ടു നിർമ്മാണം കയ്യെഴുത്തു മാസിക | ജൂലൈ . നവംബർ | ഹിന്ദി അധ്യാപകർ |
| 17 | ജൈവ വൈവിധ്യ ഉദ്യാനം | ജൂലൈ ......മാർച്ച് | ശാസ്ത്രാധ്യാപകർ |
| 18 | പുരാവസ്തു ചിത്ര ആൽബം | ജൂലൈ | സാമൂഹ്യ ശാസ്ത്രാധ്യാപകർ |
| 19 | ഗന്നിത ശേഷി വികസനം .... നിർമ്മാണം | ജൂലൈ | ഗണിതാധ്യാപകർ |
| 20 | ഗ്രൂപ്പിംഗ് വായന മത്സരം<br>ഗ്രന്ഥശാല അംഗത്വം വാർത്ത വായന | ആഗസ്റ്റ് .... മാർച്ച് | ഭാഷാധ്യാപകർ |
| 21 | **English Corner** | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ |
| 22 | തനതായ അറബി ഭാഷ കേൾക്കൽ | ആഗസ്റ്റ് ഒക്ടോബർ | അറബി അധ്യാപകർ |
| 23 | ഹിന്ദിക്ലബ്ബ് ഹിന്ദിദിനാചരണങ്ങൾ<br>ഹിന്ദി അസംബ്ലി | ആഗസ്റ്റ് ഡിസംബർ | ഹിന്ദി അധ്യാപകർ |
| 24 | പച്ചക്കറിത്തോട്ടം<br>പരീക്ഷണങ്ങൾ - അസംബ്ലി | ആഗസ്റ്റ് ...... മാർച്ച് | ശാസ്ത്രാധ്യാപകർ |
| 25 | മോഡൽ പാർലമെന്റ് ഭൂപ്രകൃതി അവബോധം | ആഗസ്റ്റ് സെപ്തംബർ | സാമൂഹ്യ ശാസ്ത്രാധ്യാപകർ |
| 26 | ഗണിതാന്തരീക്ഷം സൃഷ്ടിക്കൽ | ആഗസ്റ്റ് | ഗണിതാധ്യപകർ |
| 27 | **Riddles and Puzzles** | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ |
| 28 | എഴുത്തു പുര | സെപ്തംബർ ഡിസംബർ | സംസ്കൃതാധ്യാപകർ |
| 29 | മഴക്കുഴി നിർമ്മാണം | **September** | ശാസ്ത്രാധ്യാപകർ |
| 30 | ഗണിതലാബ് നവീകരണം | സെപ്തംബർ | ഗണിതാധ്യാപകർ |
| 31 | ശാസ്ത്ര മേള | ഒക്ടോബർ നവംബർ | സയൻസ് അധ്യാപകർ |
| 32 | **Diary** | നവംബർ | ഇംഗ്ലീഷ് അധ്യാപകർ |
| 33 | നില ണ്ടു നിർമ്മാണം | നവംബർ ഫെബ്രുവരി | സംസ്കൃതാധ്യാപകർ |
| 34 | ഉയർന്ന നിലവാരം | നവംബർ ഡിസംബർ | ഗണിതാധ്യാപകർ |
| 35 | ഹിന്ദി ലാബ് | ജനുവരി .... മാർച്ച് | ഹിന്ദി അധ്യാപകർ |
| 36 | പിന്നാക്കം | ജനുവരി ..... മാർച്ച് | ഗണിതാധ്യാപകർ |
| 37 | **English Magazine** | മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ |

അപ്പർ പ്രൈമറി ക്ലാസുകളിലേക്കുള്ള അറബി ഭാഷാ പഠനം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം:

ഭാഷകൾ കേവലം ആശയവിനിമയത്തിനുള്ള ഉപാധികൾ മാത്രമല്ല, ഓരോ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ഹൃദയത്തുടിപ്പുകളാണ്. അറിവിന്റെയും അവസരങ്ങളുടെയും പുതിയ ലോകങ്ങളിലേക്ക് അവ വാതായനങ്ങൾ തുറക്കുന്നു. ഈ കാഴ്ചപ്പാടിൽ, അപ്പർ പ്രൈമറി ക്ലാസുകളിലെ (5,6,7 ക്ലാസുകൾ) വിദ്യാർത്ഥികൾക്ക് അറബി ഭാഷാ പഠനം ഒരു പുതിയ അനുഭവമാണ് നൽകുന്നത്. ലോകത്ത് ഏറ്റവുമധികം ആളുകൾ സംസാരിക്കുന്ന ഭാഷകളിലൊന്നും സമ്പന്നമായ സാംസ്കാരിക പൈതൃകവുമുള്ള അറബി, നമ്മുടെ കുട്ടികൾക്ക് ഭാവിയിൽ വലിയ സാധ്യതകളാണ് തുറന്നു തരുന്നത്.

കേവലം ഒരു പാഠ്യവിഷയത്തിനപ്പുറം, അറബി ഭാഷയെ എങ്ങനെ സജീവവും പ്രായോഗികവുമാക്കാം എന്ന് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വിശദീകരിക്കുന്നു. പഠനത്തെ ഒരു ഭാരമാക്കാതെ, കുട്ടികളുടെ സർഗ്ഗാത്മകവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന ഒരു മാധ്യമമാക്കി ഇതിനെ മാറ്റാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. നവീനമായ പഠനരീതികളിലൂടെയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയും അറബി ഭാഷാ പഠനം കൂടുതൽ ലളിതവും രസകരവുമാക്കാം. ഭാഷയോടുള്ള അഭിരുചി വളർത്തുന്നതിനൊപ്പം, അറബി സംസ്കാരത്തെയും പാരമ്പര്യത്തെയും കുറിച്ച് ആഴത്തിൽ മനസ്സിലാക്കാനും ഈ സമഗ്രമായ പദ്ധതി സഹായിക്കും. നമ്മുടെ കുട്ടികൾക്ക് അറബി ഭാഷയെ സ്നേഹിക്കാനും അവരുടെ ദൈനംദിന ജീവിതത്തിൽ അത് ഉപയോഗിക്കാനും ഈ മാസ്റ്റർ പ്ലാൻ വഴിയൊരുക്കും.

## വിഷൻ (Vision):

അറബി ഭാഷയെ കേവലം ഒരു വിഷയമായി കാണാതെ, വിദ്യാർത്ഥികളിൽ ഭാഷയോടുള്ള സ്നേഹവും താൽപ്പര്യവും വളർത്തി, അതിന്റെ സാംസ്കാരികവും ആശയവിനിമയപരവുമായ പ്രാധാന്യം മനസ്സിലാക്കി, അടിസ്ഥാനപരമായ ഭാഷാശേഷികൾ (കേൾക്കൽ, സംസാരം, വായന, എഴുത്ത്) ആർജ്ജിക്കാൻ അവരെ പ്രാപ്തരാക്കുക.

മിഷൻ **(Mission):**

നവീനമായ പഠനതന്ത്രങ്ങളിലൂടെയും സാങ്കേതികവിദ്യയുടെ സഹായത്തോടെയും വിദ്യാർത്ഥികൾക്ക് അറബി ഭാഷ ലളിതവും രസകരവുമാക്കുക. ദൈനംദിന ജീവിതത്തിൽ അറബി ഭാഷ ഉപയോഗിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ഭാഷാപഠനം ഒരു മനോഹരമായ അനുഭവമാക്കി മാറ്റുകയും ചെയ്യുക.

## പ്രധാന ലക്ഷ്യങ്ങൾ (Key Objectives):

1. ശബ്ദജ്ഞാനം **(Phonetics):** അറബി അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണവും ശബ്ദവും തിരിച്ചറിയാനും ഉച്ചരിക്കാനും പഠിപ്പിക്കുക.
2. പദസമ്പത്ത് വികസിപ്പിക്കൽ **(Vocabulary Expansion):** അടിസ്ഥാനപരമായ അറബി വാക്കുകളും ശൈലികളും പരിചയപ്പെടുത്തുകയും അവ നിത്യജീവിതത്തിൽ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
3. സംഭാഷണ ശേഷി **(Conversational Skills):** ലളിതമായ അറബി വാക്യങ്ങളിൽ സംഭാഷണത്തിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
4. വായനാശേഷി **(Reading Skills):** ലളിതമായ അറബി വാക്യങ്ങളും ചെറിയ ഖണ്ഡികകളും വായിച്ച് മനസ്സിലാക്കാനുള്ള കഴിവ് വളർത്തുക.
5. എഴുത്തുശേഷി **(Writing Skills):** അറബി അക്ഷരങ്ങൾ ശരിയായി എഴുതാനും ലളിതമായ വാക്കുകളും വാക്യങ്ങളും നിർമ്മിക്കാനും പഠിപ്പിക്കുക.
6. വ്യാകരണത്തിന്റെ അടിസ്ഥാനങ്ങൾ **(Basic Grammar):** അറബി വ്യാകരണത്തിെ അടിസ്ഥാന തത്വങ്ങൾ ലളിതമായി പരിചയപ്പെടുത്തുക.
7. സാംസ്കാരിക അവബോധം **(Cultural Awareness):** അറബി ഭാഷയുമായി ബന്ധപ്പെട്ട സംസ്കാരങ്ങളെയും പാരമ്പര്യങ്ങളെയും കുറിച്ച് അവബോധം നൽകുക.

## ക്ലാസ് തലത്തിലുള്ള ലക്ഷ്യങ്ങൾ (Class-wise Objectives):

ക്ലാസ് **5:**

- അറബി അക്ഷരങ്ങൾ ശരിയായി ഉച്ചരിക്കാനും എഴുതാനും പഠിക്കുക.
- ഒറ്റ അക്ഷരങ്ങളും ലളിതമായ രണ്ടോ മൂന്നോ അക്ഷരങ്ങളുള്ള വാക്കുകളും തിരിച്ചറിയുക.
- അടിസ്ഥാനപരമായ അഭിവാദ്യങ്ങളും വ്യക്തിഗത വിവരങ്ങളും അറബിയിൽ പറയാൻ പഠിക്കുക (ഉദാഹരണത്തിന്, പേര്, വയസ്സ്).
- ചിത്രങ്ങൾ ഉപയോഗിച്ച് ലളിതമായ അറബി വാക്കുകൾ പഠിക്കുക.

- ചെറിയ പാട്ടുകളും ലളിതമായ സംഭാഷണങ്ങളും കേട്ട് മനസ്സിലാക്കാൻ ശ്രമിക്കുക.

ക്ലാസ് **6:**

- ചെറിയ അറബി വാക്യങ്ങൾ വായിച്ച് അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുക.
- അടിസ്ഥാനപരമായ വാക്കുകളുടെയും ശൈലികളുടെയും പദസമ്പത്ത് വർദ്ധിപ്പിക്കുക.
- ലളിതമായ ചോദ്യങ്ങൾക്ക് അറബിയിൽ മറുപടി പറയാനും ചോദ്യങ്ങൾ ചോദിക്കാനും പഠിക്കുക.
- ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളും വാക്യങ്ങളും പരിചയപ്പെടുത്തുക (ഉദാഹരണത്തിന്, ഭക്ഷണം, സ്കൂൾ, കുടുംബം).
- ചെറിയ ഖണ്ഡികകൾ വായിച്ച് പ്രധാന ആശയങ്ങൾ മനസ്സിലാക്കുക.
- ലളിതമായ അറബി വാക്യങ്ങൾ സ്വയം എഴുതാൻ ശ്രമിക്കുക.

ക്ലാസ് **7:**

- കൂടുതൽ സങ്കീർണ്ണമായ അറബി വാക്യങ്ങളും ചെറിയ കഥകളും വായിച്ച് മനസ്സിലാക്കുക.
- പദസമ്പത്ത് കൂടുതൽ വികസിപ്പിക്കുക.
- വിവിധ സാഹചര്യങ്ങളിൽ അറബിയിൽ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശീലിക്കുക.
- അടിസ്ഥാനപരമായ വ്യാകരണ നിയമങ്ങൾ (ഉദാഹരണത്തിന്, ഏകവചനം/ബഹുവചനം, സ്ത്രീലിംഗം/പുല്ലിംഗം) മനസ്സിലാക്കുക.
- ചെറിയ വിവരണങ്ങളും കത്തുകളും അറബിയിൽ എഴുതാൻ ശ്രമിക്കുക.
- അറബി ഭാഷാ പാട്ടുകളും വീഡിയോകളും കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുക.

## <u>പഠനരീതികൾ **(Pedagogical Approaches):**</u>

1. സംവേദനാത്മക പഠനം **(Interactive Learning):**

ചോദ്യോത്തരങ്ങൾ, സംഭാഷണങ്ങൾ, റോൾ പ്ലേ എന്നിവയിലൂടെ ഭാഷാ പഠനം സജീവമാക്കുക.

2. കളിയിലൂടെ പഠനം **(Play-way Method):**

ഗെയിമുകൾ, പസിലുകൾ, പാട്ടുകൾ എന്നിവ ഉപയോഗിച്ച് അറബി ഭാഷ രസകരമാക്കുക.

3. ദൃശ്യ-ശ്രാവ്യ പഠനം **(Audio-Visual Aids):**

ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ ക്ലിപ്പുകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക.

4. കഥപറച്ചിൽ **(Storytelling):**

ലളിതമായ അറബി കഥകൾ പറഞ്ഞ് കേൾപ്പിക്കുകയും വായിപ്പിക്കുകയും ചെയ്യുക.

5. ഗ്രൂപ്പ് പ്രവർത്തനങ്ങൾ **(Group Activities):**

വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച് സംഭാഷണം, വായന, എഴുത്ത് എന്നിവ പരിശീലിപ്പിക്കുക.

6. സാങ്കേതിക വിദ്യയുടെ ഉപയോഗം **(Technology Integration):**

അറബി ഭാഷാ പഠനത്തിനുള്ള ആപ്ലിക്കേഷനുകൾ, വെബ്സൈറ്റുകൾ, ഓൺലൈൻ നിഘണ്ടുക്കൾ എന്നിവ പരിചയപ്പെടുത്തുക.

7. ആശയവിനിമയത്തിലൂന്നിയ പഠനം **(Communicative Approach):**

ഭാഷയെ ആശയവിനിമയത്തിനുള്ള ഉപാധിയായി കണ്ട്, സംഭാഷണ ശേഷിക്ക് പ്രാധാന്യം നൽകുക.

8. പദ്ധതി അധിഷ്ഠിത പഠനം **(Project-Based Learning):**

അറബി ഭാഷയുമായി ബന്ധപ്പെട്ട ചെറിയ പ്രോജക്ടുകൾ നൽകുക (ഉദാഹരണത്തിന്, അറബി പദസമ്പത്ത് ചാർട്ട് ഉണ്ടാക്കുക, ഒരു ചെറിയ സംഭാഷണം അവതരിപ്പിക്കുക).

## മൂല്യനിർണ്ണയം (Assessment):

- തുടർച്ചയായ മൂല്യനിർണ്ണയം **(Continuous Assessment):** ക്ലാസ് റൂം പ്രവർത്തനങ്ങൾ, പങ്കാളിത്തം, നോട്ട്ബുക്ക് പരിശോധന എന്നിവയിലൂടെ നിരന്തരമായ വിലയിരുത്തൽ.
- ഫോർമേറ്റീവ് മൂല്യനിർണ്ണയം **(Formative Assessment):** ക്വിസുകൾ, ചെറിയ ടെസ്റ്റുകൾ, വാചിക പരീക്ഷകൾ എന്നിവയിലൂടെ പഠന പുരോഗതി വിലയിരുത്തുക.
- സമ്മേറ്റീവ് മൂല്യനിർണ്ണയം **(Summative Assessment):** വാർഷിക പരീക്ഷകളിലൂടെയും പ്രധാന ടെസ്റ്റുകളിലൂടെയും അന്തിമ പഠന നേട്ടം വിലയിരുത്തുക.

- നാല് ഭാഷാശേഷികളുടെയും വിലയിരുത്തൽ: കേൾക്കൽ, സംസാരം, വായന, എഴുത്ത് എന്നീ ശേഷികൾക്ക് തുല്യ പ്രാധാന്യം നൽകി വിലയിരുത്തൽ നടത്തുക.

## അധ്യാപക പരിശീലനം (Teacher Training):

- അറബി ഭാഷാ പഠനത്തിലെ പുതിയ പ്രവണതകളെയും പഠനരീതികളെയും കുറിച്ച് അധ്യാപകർക്ക് നിരന്തരമായ പരിശീലനം നൽകുക.
- സാങ്കേതികവിദ്യ ഉപയോഗിച്ച് അറബി പഠിപ്പിക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഭാഷാ പഠനത്തിലെ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് അവയെ അഭിമുഖീകരിക്കാൻ അധ്യാപകരെ സജ്ജരാക്കുക.

## പഠനസാമഗ്രികൾ (Learning Materials):

- പാഠപുസ്തകങ്ങൾ
- ഓഡിയോ-വിഷ്വൽ സാമഗ്രികൾ (ചിത്രങ്ങൾ, ഫ്ലാഷ് കാർഡുകൾ, ഓഡിയോ ടേപ്പുകൾ, വീഡിയോകൾ)
- ഡിജിറ്റൽ പഠന സഹായികൾ (അറബിക് ആപ്പുകൾ, വെബ്സൈറ്റുകൾ)
- അറബി കഥാപുസ്തകങ്ങൾ (ലളിതമായവ)
- നിഘണ്ടുക്കൾ (ഇംഗ്ലീഷ്-അറബിക്, മലയാളം-അറബിക്)
- കളിപ്പാട്ടങ്ങളും ഗെയിമുകളും (അറബി അക്ഷരങ്ങൾ, വാക്കുകൾ എന്നിവ ഉൾക്കൊള്ളുന്നത്)

## പ്രവർത്തന കലണ്ടർ (Activity Calendar) :

- ആഴ്ചതോറും: സംഭാഷണ ക്ലാസ്സുകൾ, പദസമ്പത്ത് പഠനം, ലളിതമായ വായന, എഴുത്ത് പരിശീലനം.
- മാസത്തിലൊരിക്കൽ: അറബി ഗാനം/കഥ അവതരണം, ചെറിയ ക്വിസ്, റോൾ പ്ലേ.
- അധ്യായന വർഷത്തിൽ: അറബി ഭാഷാ ദിനാചരണം, അറബി കവിതാ പാരായണം/ പ്രസംഗ മത്സരം, അറബി ഭാഷാ പ്രദർശനം.

## പ്രതിബന്ധങ്ങളും പരിഹാരങ്ങളും (Challenges and Solutions):

- ❖ വെല്ലുവിളി: വിദ്യാർത്ഥികൾക്ക് അറബി ഭാഷയോടുള്ള താൽപ്പര്യക്കുറവ്.
  - ➢ പരിഹാരം: രസകരമായ പഠനരീതികൾ, കളിയിലൂടെ പഠനം, പ്രായോഗിക ഉപയോഗത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കൽ.
- ❖ വെല്ലുവിളി: പരിമിതമായ പഠന സാമഗ്രികൾ.

- ➢ പരിഹാരം: ഡിജിറ്റൽ സാമഗ്രികൾ ഉപയോഗിക്കുക, അധ്യാപകർക്ക് സ്വന്തമായി സാമഗ്രികൾ നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുക.

❖ വെല്ലുവിളി: അധ്യാപകർക്ക് പുതിയ പഠനരീതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

- ➢ പരിഹാരം: നിരന്തരമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

❖ വെല്ലുവിളി: അറബി ഭാഷ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കാനുള്ള സാഹചര്യങ്ങളുടെ അഭാവം.

- ➢ പരിഹാരം: സ്കൂളിൽ അറബി ക്ലബ്ബുകൾ രൂപീകരിക്കുക, അറബി ഭാഷാ ദിനാചരണങ്ങൾ സംഘടിപ്പിക്കുക, ലളിതമായ അറബി സംഭാഷണങ്ങൾ ക്ലാസ്സിൽ പ്രോത്സാഹിപ്പിക്കുക.

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1,യുപിതലത്തിലെ അക്ഷരങ്ങളുംപദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | * അക്ഷരമെഴുത്ത്<br>* ചിഹ്നം ഉ റപ്പിക്കൽ<br>* അക്ഷരക്കാർഡ്<br>* വാക്കുകൾ എഴുതിയ കാർഡ്<br>*ക്ലാസ്സിൽഅക്ഷരമാല പ്രദർശനം<br>*ഓൺലൈൻ അക്ഷരമാല കളികൾ<br>*വാക്കുകൾഎഴുതിയ കാർഡുകൾ<br>* വാക്കുകൾ നിർമ്മാണം<br>* വാക്യങ്ങളുടെ നിർമ്മാണം | ജൂൺ -ഓഗസ്റ്റ് | അക്ഷര ചാർട്ട്<br>പാഠപുസ്തകം | .ബി ആർ സി<br>. റിസോഴ്സ് ടീച്ചേഴ്സ്. |
| **2,വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക)** | *വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെ ഉള്ള വസ്തുക്കളുടെ പട്ടികഹിന്ദിയിൽ തയ്യാറാക്കുക<br>*ഐസിടിസഹായത്തിലൂടെ വസ്തുക്കളുംവാക്കുകളും പരിശീലിക്കാനുള്ള അവസരം<br>*CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്റ്റംബർ - ഒക്ടോബർ | ഹിന്ദി നിഘണ്ടു | PTA<br>റിസോഴ്സ് ടീച്ചർ |
| 3,ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം ( സുരേലി ഹിന്ദി) | *ഹിന്ദി അസംബ്ലി<br>* ദിനാചരണങ്ങൾ<br>*ക്ലാസ് ലൈബ്രറി<br>അധിക വായന സാമഗ്രികൾ<br>*ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>ചിത്രം- അടിക്കുറിപ്പ്<br>ചിത്രം- കഥ പറയൽ<br>ചിത്രം- കഥയെഴുതൽ<br>കഥ ബാക്കിയെഴുതൽ<br>വായനാ മൂല<br>ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ - ഫെബ്രുവരി | പുസ്തകങ്ങൾ | BRC<br>റിസോഴ്സ് ടീച്ചേഴ്സ്<br>PTA |

# സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1,ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br>1 U P തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | *ഭാഷജ്ഞാനം<br>*അക്ഷരം എഴുത്ത്<br>*ചിഹ്നം ഉറപ്പിക്കൽ<br>*അക്ഷര കാർഡ്<br>*വാക്കുകൾ എഴുതിയ കാർഡ്<br>*ക്ലാസ്സിൽഅക്ഷരമാല പ്രദർശനം<br>*അക്ഷരമാല കളികൾ<br>*അക്ഷരമരം നിർമ്മിക്കൽ<br>*കാർട്ടൂൺ പ്രദർശനം<br>*പാട്ടുകളുംകഥകളും കേൾപ്പിക്കുക | ജൂൺ - ഓഗസ്റ്റ് | അക്ഷരചാർട്ട്<br>പാഠപുസ്തകം<br>ICT | P T A<br>റിസോഴ്സ് അധ്യാപിക |
| 2. പറയാം പഠിക്കാം | *ചിത്രങ്ങളുടെ പേര് പറയൽ<br>*ചിത്രകഥകൾ<br>*ലഘുസംഭാഷണങ്ങൾ (നിത്യജീവിതത്തിൽ സംസ്കൃത പദങ്ങൾ ) | ജൂൺ - ജൂലൈ | സംസ്കൃത കഥാപുസ്തകം<br>I C T | റിസോഴ്സ് അധ്യാപിക |
| 3. വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുന്നു. | വീട്ടിൽഉപയോഗിക്കുന്ന വസ്തുക്കളുടെപട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>*ICT സഹായത്തിലൂടെ വസ്തുക്കളുംവാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃത നിഘണ്ടു | |
| 4, വയനാലോകം കുട്ടിയെവായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ | *തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക<br>*ഓരോസംസ്കൃത പീരിയഡിലുംആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക<br>*വായിച്ചപുസ്തകങ്ങൾ രേഖപെടുത്തുക<br>*കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ , അസ്സെമ്പ്ളി യിൽ അനുമോദിക്കുക | ഒക്ടോബർ - മാർച്ച് | ക്ലാസ്സ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 5,കരികുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷ പഠനങ്ങൾ | *ക്ലബ് രൂപീകരണം<br>*പാഠാനോപ്പകരണ നിർമ്മാണം<br>*കലണ്ടർ നിർമ്മാണം<br>ഗൃഹ സന്ദർശനം<br>*പഠന യാത്ര | ജൂൺ - മാർച്ച് | ചാർട്ട് , ചിത്രം | റിസോഴ്സ് അധ്യാപിക |
| 6,മത്സരപരീക്ഷകൾക്ക് തയാറാക്കൽ | *ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു<br>എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു<br>*മാതൃകചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ്സ് റൂം | റിസോഴ്സ് അധ്യാപിക |
| 7, ആസ്വാദന ലോകം ഓരോകുട്ടിയുടെയും ആസ്വാദന ശേഷിവർധിപ്പിക്കുവാനും സഭാകമ്പംനിവാരണം ചെയ്യാനും വേണ്ടി | *നാടകംകൂത്തു തുടങ്ങിയവയുടെവീഡിയോ കാണുന്നതിന്അവസരം നൽകുന്നു<br>*കഴിവുള്ള കുട്ടികളെ kandethi അവർക്ക് അവസരം നൽകൽ<br>*മാസത്തിൽഒരുതവണ ആസ്വാദന സഭ ചേരുന്നു | അഞ്ചു മാസം | സംസ്കൃത ക്ലാസ്സ് റൂം | റിസോഴ്സ് അധ്യാപിക |
| 8,പ്രത്യേകപരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | പ്രത്യേകപരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനഉപകരണങ്ങൾ നിർമ്മിക്കുന്നു<br>*പ്രത്യേക ക്ലാസുകൾ നൽകുന്നു<br>*ഗൃഹ സന്ദർശനം നടത്തുന്നു | ജൂൺ -മാർച്ച് | ക്ലാസ്സ് റൂം | |
| 9,ക്ലാസ്സ്റൂംആകർഷകം ആക്കുന്നതിന് പ്രവർത്തനങ്ങൾ | *പെയിന്റിംഗ്<br>ലൈബ്രറി ഒരുക്കുന്നു<br>*സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു | | | |

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1, ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1, പ്രീ ടെസ്റ്റ്<br>2,അക്ഷരം ഉറപ്പിക്കൽ<br>3,അടയാളം ഉറപ്പിക്കൽ<br>4,അക്ഷര കാർഡ് നൽകൽ<br>5,വാക്കുകൾ എഴുതിയ കാർഡ്<br>6,വാക്കുകൾ നിർമ്മിക്കുക<br>7,വാക്യങ്ങൾ നിർമ്മിക്കുക<br>8, ചിത്രം - അടിക്കുറിപ്പ്<br>9,ചിത്രം - കഥയെഴുതൽ<br>10,ഭാഷപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | അധ്യാപകർ |
| 2,കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1,ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>2,സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3,സമീപ ഗ്രന്ഥ ശാല അംഗത്വം<br>4,വായനോത്സവം സംഘടിപ്പിക്കൽ<br>5,പത്ര വായന<br>6,വായനാനുഭവം<br>7,വായന കുറിപ്പ് ,പതിപ്പ്<br>8,വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം | 6 മാസം | ക്ലാസ്സ് ലൈബ്രറി .സ്കൂൾ ലൈബ്രറി പത്രങ്ങൾ ,ആനുകാലിക പ്രസിദ്ധീകരണങ്ങൾ | അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 7.ഔഷധ സസ്യം പരിചയപ്പെടൽ | പരീക്ഷണങ്ങൾ, മോഡൽസ് എന്നിവ ഉൾപ്പെടുത്തി സ്കൂൾ ശാസ്ത്രോത്സവം സംഘടിപ്പിക്കൽ. | | | |
| 8.ശാസ്ത്ര ലാബ് നവീകരിക്കൽ. | സ്കൂളിലെമുഴുവൻ കുട്ടികൾക്കുംകാണാനു വായിക്കാനുംകഴിയു ന്നരീതിയിൽ ബുള്ളറ്റിന് ബോർഡിൽ | | | |
| 9.ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ ലേഖനങ്ങൾ, കവിതകൾ, ഉൾപ്പെടുത്തി ശാസ്ത്രപതിപ്പ്. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3, കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 9,ദിനാചരണം<br>10,ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>1,എഴുത്തുകൂട്ടം രൂപീകരണം<br>2,വായനക്കുറിപ്പ്,പതിപ്പ്<br>3,ചുമർപത്രിക<br>3,സംഘരചനവ്യക്തിഗത രചന ,<br>5,സാഹിത്യ കാരന്മാരുമായുള്ള അഭിമുഖം | 6 മാസം | | |
| 4,സദസ്സിനെ അഭിമുഖികരിക്കാൻ പ്രാപ്തരാക്കുക | 1,പ്രസംഗ പരിശീലന കളരി<br>2, വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3,മികച്ച പ്രസംഗങ്ങളുടെ ഓഡിയോ കേൾപ്പിക്കുന്നു | 6 മാസം | **ഓഡിയോ , വീഡിയോ** | **ട്രെയിനർ , അധ്യാപകർ** |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1.ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അത് മറികടക്കാൻ പിന്തുണ നൽകുക . സംഖ്യാബോധവും ചതുഷ്ക്രിയകളും ഉറപ്പിക്കുക. | 1.സംഖ്യകൾ തിരിച്ചറിഞ്ഞ് എഴുതാനും വായിക്കാനും ഉള്ള പ്രവർത്തനങ്ങൾ .സ്ഥാനവില പോക്കറ്റ്, സംഖ്യ കാർഡ് നിർമ്മാണം , ചതുഷ്ക്രിയകൾ-ഉറപ്പിക്കൽ(സങ്കലനം, വ്യവകലനം, ഗുണനം, ഹരണം) | ജൂൺ – ഓഗസ്റ്റ് | | |
| 2. ഗണിതശേഷികൾ വികസിപ്പിക്കുക. | 2.ഗണിത നിഘണ്ടു നിർമ്മാണം ഗണിത കളികൾ പസ്സിൽ, ഗണിതശാസ്ത്രജ്ഞന്മാരുടെ ചിത്രശേഖരണം, ഗണിതാനുഭവങ്ങൾ പങ്കുവെക്കൽ, ഗണിതോപകരണ നിർമ്മാണം | സെപ്റ്റംബർ - ഡിസംബർ | | |
| 3.ഗണിതത്തിൽ ഉയർന്ന നിലവാരമുള്ള കുട്ടികളെ സജീവമാക്കൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക. | 3.കുട്ടികളെ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികളുടെ നേതൃത്വത്തിൽ ഗ്രൂപ്പുകൾ ആക്കുന്ന പാഠഭാഗങ്ങളിൽ ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കുന്നു . | ജൂൺ - മാർച്ച് | | |
| 4.എല്ലാ ക്ലാസ് മുറികളിലും ഗണിതാന്തരീക്ഷം സൃഷ്ടിക്കുക. | 4.പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചിത്രങ്ങളും ചാർട്ട് വർക്കുകളും എല്ലാ ഗ്രൂപ്പിലും കൊടുക്കുന്നു എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു | ജൂൺ - മാർച്ച് | | |
| 5.ഗണിത ലാബ് ഉപയോഗപ്പെടുത്തി കുട്ടികളുടെ ഗണിത പഠനം ലളിതവും സുതാര്യവുമാക്കുക. | 5.പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ ഉറപ്പിക്കുന്നതിനായി ഗണിത ലാബ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | ജൂൺ – മാർച്ച് | | |
| 6.ഗണിതത്തിലെ നൂതന ആശയങ്ങൾ തിരിച്ചറിയുക ഗണിതത്തിൽ താൽപര്യം വർദ്ധിപ്പിക്കുക. | 6.മാസത്തിൽ ഒരു ദിവസം ഗണിത അസംബ്ലി സംഘടിപ്പിക്കുക | ജൂൺ - മാർച്ച് | | |

# സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1,സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ പരിശോധിക്കൽ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവുകൾ പരിശോധന.<br>ഉദാ : ഭൂപടം,ഭൂപ്രകൃതി | അക്കാദമിക വർഷം | | അധ്യാപകർ |
| 2, പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കും | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശനം , ചരിത്ര മ്യൂസിയം സന്ദർശനം | അക്കാദമിക വർഷം | ഫീൽഡ് ട്രിപ്പ് | അധ്യാപകർ |
| 3, ജനാധിപത്യപരമായ ജീവിത സമീപനം ഗ്രാമ നഗര ജീവിതങ്ങളുടെ പ്രത്യേകത പരിശോധിക്കൽ | ♦ ഭക്ഷ്യമേള<br>♦ ഗ്രാമ നഗര ജീവിതങ്ങളുടെ പ്രത്യേകതകൾ പരിശോധന<br>♦ ഗ്രാമസഭ വാർഡ് സഭ സന്ദർശനത്തിലൂടെ ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കൽ | അക്കാദമിക വർഷം | പ്രദർശനം | അധ്യാപകർ , പി. ടി .എ |
| 4,സഹജീവികളോട് സമഭാവന വളർത്തിയെടുക്കുവാൻ പ്രോത്സാഹിപ്പിക്കൽ | പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരയായവർ എന്നിവരെ സന്ദർശിച്ച് കുട്ടികളാൽ കഴിയുന്ന സേവനം നൽകാൻ ബോധവാന്മാരാക്കുന്നു<br>( മിതവയ ശീലം ) | അക്കാദമിക വർഷം | സന്ദർശനം | അധ്യാപകർ |
| 5,വിവരസാങ്കേതികവിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും ബോധവാന്മാരാക്കൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ട്രാഫിക് സുരക്ഷാ ഉദ്യോഗസ്ഥരുടെ സഹായത്തോടെ കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ബോധവത്കരണം | അധ്യാപകർ, വാഹന വകുപ്പ് ഉദ്യോഗസ്ഥർ |

# Academic Master Plan – English (2025–26)

| AIM | ACTIVITY | DURATION | DUTY |
|---|---|---|---|
| Enable the children to listen, read and write | • Pretest and baseline assessment • Introduction of key sight words<br>• Frame simple sentences<br>• Arrange sentences in correct order<br>• Listening activities using audio stories • Self-introduction activity<br>• Preparing word walls | June – August | English Teachers |
| Enable the children to listen and comprehend a story | • Listen to a short story<br>• Vocabulary building from text • Picture reading and discussion<br>• Story sequencing cards<br>• Group narration and dramatization | September – October | English Teachers |
| Enable the children to conduct English assembly | • Weekly English assembly by students<br>• Anchoring, poem recitation, speech, thought for the | July – March | English Club |

| | | | |
|---|---|---|---|
| | day • Quiz and storytelling in English | | |
| To develop children's creative ideas, reading and writing skills | • Daily English news corner<br>• Rhyme building activity<br>• Reading library books<br>• Poetry extension tasks<br>• Collecting rhyming or '-ed' words | August – March | English Teachers & Club |

| | | | |
|---|---|---|---|
| | • Creative poster making<br>• Introducing riddles/puzzles | | |
| Enable the children to write simple diary entries | • Diary writing practice<br>• Introduction to structure of a diary • Write about personal experiences<br>• Describing feelings and events | October – December | English Teachers |
| Enable the children to prepare a magazine | • Create a class magazine<br>• Write stories, poems, and reports • Collect jokes, riddles, drawings<br>• Edit and publish final magazine | February – March | English Club |

| | | | |
|---|---|---|---|
| **Improve children's pronunciation and spoken English** | **• Practice tongue twisters<br>• Pronunciation drills using audio tools<br>• Mirror reading activities<br>• Peer-to-peer speaking sessions • Record and playback exercises** | **July – November** | **English Teachers** |
| **Enhance vocabulary through games and activities** | **• Word building games (e.g., Hangman, Scrabble) • Vocabulary charts and wall posters<br>• Weekly 'Word of the Day' activity<br>• Synonym-antonym card games<br>• Vocabulary treasure hunt** | **June – March** | **English Teachers** |
| **Strengthen grammar understanding** | **• Grammar games and worksheets<br>• Sentence construction using prompts<br>• Peer correction exercises<br>• Grammar flip cards<br>• Interactive notebook tasks** | **July – December** | **English Teachers** |

| | | | |
|---|---|---|---|
| **Promote collaborative learning and peer teaching** | **• Group reading and story retelling<br>• Peer questioning circles<br>• Pair work on writing tasks<br>• Team-based projects (e.g., story creation)<br>• Partner interviews** | **August – February** | **English Teachers** |
| **Encourage independent reading habits** | **• Set up classroom library<br>• Weekly silent reading periods<br>• Book reviews and presentations<br>• Reading log maintenance<br>• Reading challenges and incentives** | **June – March** | **English Teachers** |

# ഉപസംഹാരം

ഓരോ വിദ്യാർത്ഥിയ്ക്കും തുല്യതയോടെയുള്ള പഠന നേട്ടങ്ങൾ....... മികച്ച പഠന സാധ്യതകളും ആധുനിക സാങ്കേതികവിദ്യകളും പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭിക്കുന്ന വിധത്തിൽ പഠനാന്തരീക്ഷവും മികച്ച പഠന രീതികളും നടപ്പിലാക്കി അവസാനത്തെ കുട്ടിയെയും മികവിലേക്ക് ഉയർത്താൻ കഴിയും എന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യം വക്കുന്നത് .

അടിസ്ഥാനശേഷികൾ കൈവരിക്കുന്നതിൽ പഠന വിടവ് സംഭവിച്ചിട്ടുള്ള കുട്ടികൾക്ക് പഠന പിന്തുണ നൽകുന്നതിന് പര്യാപ്തമായ പ്രവർത്തനങ്ങൾ പരമാവധി ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

"ആകാശത്തേക്ക് നോക്കു .
നാം ഒറ്റയ്ക്കല്ല. പ്രപഞ്ചം
മുഴുവൻ നമ്മോട് സൗഹൃദം
പുലർത്തുന്നു. സ്വപ്നം
കാണുന്നവർക്കും
കഠിനാധ്വാനം ചെയ്യുന്നവർക്കും.
ഏറ്റവും മികച്ചത് നൽകാനായി
ഗൂഢാലോചന നടത്തുന്നു" ..........

എ.പി.ജെ അബ്ദുൾ കലാം

ഞങ്ങളുടെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ എന്ന വലിയ സ്വപ്നം ഉറപ്പായും ഞങ്ങളുടെ വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥി യിലൂടെയും സാക്ഷാത്കരിക്കപ്പെടും.

**അടിസ്ഥാന ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1.ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | 1.ജൈവവൈവിധ്യ പാർക്ക്<br>*പച്ചക്കറിതോട്ടം<br>*ഔഷധ തോട്ടം<br>* ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം | .ജൂൺ – ഒക്ടോബർ | | |
| 2.ശാസ്ത്രഭിരുചി വളർത്തൽ | 2.പരീക്ഷണ കളരി<br>* science ക്ലബ്, health ക്ലബ് എന്നിവയുടെ ആഭിമുഖ്യത്തിൽ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജെക്ടുകൾ തയ്യാറാക്കൽ, അവതരണം. | ജൂൺ – ഫെബ്രുവരി | | |
| 3.ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ശാസ്ത്രപഠനത്തിനായിപ്രയോജനപ്പെടുത്തൽ. | 3.ചെലവ് കുറഞ്ഞതും, പരിചിതമായതുമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ പരീക്ഷണങ്ങൾ assembliyil അവതരിപ്പിക്കുന്നു.പരീക്ഷണക്കുറിപ്പ് ശേഖരണം തയ്യാറാക്കുന്നു. | 2025 academic ഇയർ | | ഹെൽത്ത് ക്ലബ് |
| 4.ശാസ്ത്ര പത്രം. | ശാസ്ത്ര മേഖലയുമായി ബന്ധപ്പെട്ട വ്യക്തികളുമായി അഭിമുഖം. | .June- feb | | |
| 5.ശാസ്ത്രോപകാരണങ്ങൾ കൈകാര്യം ചെയ്യുക, നിർമ്മിക്കുക, models നിർമ്മാണം. | ക്വിസ് ഗ്രൂപ്പ് | | | |
| 6.ശാസ്ത്ര ദിനാചാരണങ്ങൾ ശക്തിപ്പെടുത്തൽ | ശാസ്ത്ര കാരൻമാരുടെ ജീവചരിത്രകുറിപ്പ്, പാഠ ഭാഗവുമായി ബന്ധപ്പെട്ട് അറിവ് ശേഖരണം. | | | |